ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് ചെലവാകുന്ന തുക ആ പരിധിയിലുള്ള സർക്കിൾ ഓഫീസിൽനിന്നും നൽകിവരുന്നു. കൂടാതെ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് യഥാസമയം സഹായം ലഭ്യമാക്കുന്നതിനായി ഹൈവേ പോലീസ്, പോലീസ് അലർട്ട് സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. മാത്രമല്ല, അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിലേക്കായി സ്റ്റേഷൻ തലത്തിൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതിയും ജനമൈത്രി ബീറ്റും പ്രവർത്തിച്ചുവരുന്നു. അപകടത്തിൽപ്പെടുന്നവർക്ക് പ്രഥമശുശ്രൂഷ നൽകിയശേഷം ആശുപത്രിയിൽ എത്തിക്കുന്നതിന് ഹൈവേ പോലീസിനും, ഹൈവേയുടെ വശങ്ങളിലെ പോലീസ് സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥർക്കും ടാക്സി ഡ്രൈവർമാർക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ധാരണയുണ്ട്. ഹവർ ടോമ കെയർ എന്ന പേരിൽ പ്രത്യേക പരിശീലന ക്ലാസ്സുകളും നൽകിവരുന്നു. ഗതാഗത വകുപ്പിന് കീഴിൽ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ ഒരു പരിശീലന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. റോഡപകടങ്ങളിൽ പരിക്ക് പറ്റിയവർക്ക് പ്രഥമ ശുശ്രൂഷ നൽകുക, അവരെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുക, ആവശ്യമായ മെഡിക്കൽ കെയർ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

മുരളിയുടെ കൊലപാതകം

269 (271) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയവരെ സംബന്ധിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മുരളിയെ കൊലപ്പെടുത്താൻ മുൻപും ശ്രമം നടന്നിട്ടുള്ളതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നോ ; ഉണ്ടെങ്കിൽ പോലീസ് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമായിരുന്നു ;

(സി) കൊലപാതകവും ഗൂഢാലോചനയും നടത്തിയ ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർക്ക് എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തുകയുണ്ടായി ; അന്വേഷണത്തിന്റെ ഭാഗമായി ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരെ പോലീസ് ചോദ്യം ചെയ്യുകയുണ്ടായി ; ആരുടെയൊക്കെ ഫോൺ നമ്പരുകൾ പരിശോധിക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസിലെ ഗൂഢാലോചന സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നു.

(ബി) മുരളിയെ കൊലപ്പെടുത്തുവാൻ മുമ്പും ശ്രമം നടന്നിട്ടുള്ളതും ആയതിന് കമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 597/2012 u/s 143, 147, 148, 341, 323, 324, 307 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കൊല്ലപ്പെട്ട മുരളിയും ഒന്നാം പ്രതി ശരണും തമ്മിൽ മുമ്പ് പ്രശ്നങ്ങൾ ഉണ്ടായതിനുശേഷം മുൻകരുതൽ എന്ന നിലയിൽ ടിയാൻമാരുടെ പേരിൽ ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്ത് അവരുടെ നീക്കങ്ങളിൽ പോലീസ് രഹസ്യ നിരീക്ഷണം നടത്തിവന്നിട്ടുള്ളതാകുന്നു.

(സി) കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ ഗൂഢാലോചന വെളിവായിട്ടില്ല. കേസിന്റെ അന്വേഷണം നടന്നുവരികയാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

കൊളത്തൂർ, മലപ്പുറം പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണയം

270 (272) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തരവകുപ്പിലെ ഇ1-21566/12 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) മലപ്പുറം നഗരത്തിന്റെ 2 കി.മീ. ചുറ്റളവിലുള്ള കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, പെരിങ്ങോട്ടുപുലം, മുണ്ടക്കോട്, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കരട്